# ഗവ: ഹൈസ്കൂൾ

## കൊടുപ്പുന്ന (46067)




# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26


# ഗവൺമെന്റ് ഹൈസ്കൂൾ,കൊടുപ്പുന്ന

## സമഗ്ര വിദ്യാലയ വികസന രേഖ

### അക്കാദമിക് മാസ്റ്റർ പ്ലാൻ

**അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് ഹൈസ്കൂൾ,കൊടുപ്പുന്ന |
| വിലാസം | : | ജി.എച്ച്.എസ്. കൊടുപ്പുന്ന,<br>കൊടുപ്പുന്ന പി.ഒ., രാമങ്കരി |
| ഫോൺ | : | 0477 2615033 |
| സ്കൂൾ കോഡ് | : | 46067 |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി. | : | തലവടി |
| ഗ്രാമപഞ്ചായത്ത് | : | എടത്വാ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചമ്പക്കുളം |
| ജില്ല പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭ | : | കുട്ടനാട് |
| ലോക സഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കുട്ടനാട് |
| വില്ലേജ് | : | എടത്വാ |
| ഇമെയിൽ | : | ghskoduppunna@gmail.com |
| സ്കൂൾ കോഡ് (സയസ്പ്രകാരം) | : | 32110900409 |



# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്ര- കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ. പ്രക്രീയ- വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (അക്കാദമികം-ഭൗതീകം-സാമൂഹികം)
8. പദ്ധതി വിശദാംശങ്ങൾ - പ്രവർത്തനങ്ങൾ (മേഖല-ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. ഉപസംഹാരം

## ആമുഖം

ഗവ. ഹൈസ്കൂൾ കൊടുപ്പുന്ന, സമൂഹത്തിലെ സാധാരണക്കാർക്കുള്ള ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് തന്റെ പ്രധാന ദൗത്യമായി കാണുന്നത്. വിദ്യാഭ്യാസ രംഗത്ത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതിയുടെ ഭാഗമായി, ഈ സ്കൂളിന്റെ പ്രത്യേക സാഹചര്യങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രീയവും ദൗത്യബോധമുള്ളതുമായ വളർച്ചാ പദ്ധതി രൂപപ്പെടുത്തുകയാണ് ലക്ഷ്യം.

സ്കൂളിൽ ഇപ്പോഴത്തെ വിദ്യാർത്ഥികളുടെ എണ്ണം 143 ആണ്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ശാക്തീകരണം ലക്ഷ്യമാക്കി, സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന കുറവുകളും വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്ന കാര്യങ്ങളും ആഴത്തിൽ വിലയിരുത്തിയതിനുശേഷമാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## പ്രധാന വെല്ലുവിളികൾ ആയി സ്കൂളിൽ ഇപ്പോൾ നേരിടുന്നത്:

- *മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന ഗ്രൗണ്ട്,* വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഫിസിക്കൽ ആക്ടിവിറ്റികൾക്കും തടസ്സം സൃഷ്ടിക്കുന്നു.
- *ക്ലാസ് മുറികളുടെ കുറവ്,* അധ്യാപനത്തെ കൃത്യമായി ക്രമീകരിക്കാനാകാതെ വരുന്നു.
- *Sports പരിശീലനത്തിനായി കോച്ച് ഇല്ലാതിരിക്കുക,* കുട്ടികളുടെ ശാരീരികവികസനത്തെയും കായികക്ഷമതയെയും ബാധിക്കുന്നു.
- *ഓഡിറ്റോറിയം പോലുള്ള പൊതു ചടങ്ങുകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.*

- *കുടിവെള്ളം ലഭ്യമല്ലാതിരിക്കുന്നത്*, ആരോഗ്യപരമായ ആശങ്കകൾക്കും വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കുമാണ് വെല്ലുവിളി.
- *ഐ. ടി. ഇൻസ്ട്രക്ടറുടെ അഭാവം*, ടെക്നോളജി അധിഷ്ഠിത പഠനം ആവശ്യമായ രീതിയിൽ നടപ്പാക്കാൻ ബുദ്ധിമുട്ട്.

ഈ വെല്ലുവിളികൾ മറികടന്ന്, വിദ്യാർത്ഥികളുടെ പൂർണ്ണശക്തി പരിപോഷിപ്പിക്കുന്നതിനും സ്കൂളിന്റെ ആധുനീക രണത്തിനും ലക്ഷ്യമിട്ടുള്ളതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. സ്കൂൾ സമൂഹത്തിലെ എല്ലാ പങ്കാളികളുടെയും സഹകരണത്തോടെ നടപ്പാക്കപ്പെടുന്ന ഈ പദ്ധതി, വിദ്യാർത്ഥികൾക്ക് മികച്ച പഠനമേഖലയും, സുരക്ഷിതവും പ്രചോദനകരവുമായ പഠനപരിസ്ഥിതിയും ഒരുക്കുമെന്ന് ഉറപ്പാണ്.

## പൊതു ലക്ഷ്യങ്ങൾ

1. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക
   – കുട്ടികളുടെ അറിവും കഴിവും വളർത്തുന്ന തരത്തിൽ പഠനവും അധ്യാപനവും നവീകരിക്കുക.
2. സമഗ്ര വ്യക്തിത്വവികസനം സാധ്യമാക്കുക
   – വിദ്യാർത്ഥികളുടെ ബൗദ്ധിക, ശാരീരിക, മാനസിക, സാമൂഹിക വശങ്ങളിൽ പുരോഗതി ലക്ഷ്യമാക്കുന്നു.
3. അധ്യാപനത്തിന് അനുയോജ്യമായ learning environment ഒരുക്കുക
   – സുരക്ഷിതവും ശുദ്ധവായുവും സമ്പന്നമായ പഠനമേഖല വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുക.
4. വലിയ താത്പര്യം പ്രകടിപ്പിക്കുന്ന സ്പോർട്സ്, ആർട്സ് മേഖലകളിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക
   – പരിശീലനസൗകര്യങ്ങൾ ഒരുക്കി, കുട്ടികളുടെ കഴിവുകൾ ഉണർത്തുക.
5. ആധുനിക സാങ്കേതിക വിദ്യകൾ അധ്യാപനത്തിൽ കൂടുതൽ സമന്വയിപ്പിക്കുക
   – ഐ. ടി. അധിഷ്ഠിത പഠന സൗകര്യങ്ങൾ വികസിപ്പിക്കുക, കമ്പ്യൂട്ടർ ലാബുകൾ കൂടുതൽ പ്രായോഗികമാക്കുക.
6. അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുക
   – ക്ലാസ്മുറികൾ, ഓഡിറ്റോറിയം, കുടിവെള്ളം, കളിസ്ഥലം എന്നിവയുടെ വികസനം ഉറപ്പാക്കുക.
7. രക്ഷിതാക്കളും സമൂഹവും ഉൾപ്പെടുത്തി സ്കൂൾ വികസനം
   – രക്ഷിതാക്കളെയും സമൂഹത്തെയും പങ്കാളികളാക്കി സ്കൂളിന്റെ വളർച്ചയ്ക്ക് പിന്തുണ നൽകുക.
8. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
   – എല്ലായ്പ്പോഴും വിദ്യാർത്ഥികേന്ദ്രിതമായ സമീപനം സ്വീകരിച്ച്, പിന്നാക്കവിഭാഗങ്ങളെ മുൻനിരയിൽ എത്തിക്കുക.

# ചരിത്രം

കുട്ടനാട് താലൂക്കിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന് തെക്കുവശത്താണ് കൊടുപ്പുന്ന പ്രദേശം. ഭൂരിഭാഗം കർഷകരും കർഷതൊഴിലാളികളും അടങ്ങുന്ന ഈ പ്രദേശത്ത് 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉണ്ടായ സാമൂഹ്യമുന്നേറ്റമാണ് സ്കൂൾ സ്ഥാപനത്തിലേയ്ക്ക് നയിച്ചത്. മഠത്തിൽ പറമ്പിൽ എന്ന വീട്ടിൽ 1902 ൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയം പിന്നീട് കാഞ്ഞിരപ്പള്ളി കുടുംബക്കാർ സംഭാവനയായി നല്കിയ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു മാറ്റി സ്ഥാപിക്കുകയായിരുന്നു. തുടക്കത്തിൽ എൽ.പി. വിഭാഗം മാത്രമാണ് ഉണ്ടായിരുന്നത്. 1962 ൽ ഇത് യു.പി. സ്കൂൾ ആയും 1980 ൽ ഹൈസ്കൂൾ ആയും ഉയർത്തപ്പെട്ടു.

ഇക്കാലത്ത് ഹൈസ്കൂൾ നിർമ്മക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടുകൾ വന്നപ്പോൾ കൊടുപ്പുന്ന-ഊരുക്കരി പ്രദേശത്തെ ജനങ്ങളുടെ പൊതുസ്വത്ത് ആയിരുന്ന കൊടുപ്പുന്ന ചുണ്ടൻ വള്ളം വിറ്റാണ് ആവശ്യമായ പണം സ്വരൂപിച്ചത്.

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം കൊടുപ്പുന്നയ്ക്ക് നേരത്തെ മുതൽ തന്നെ ഉണ്ടായിരുന്നു. പ്രശസ്ത സാഹിത്യ നിരൂപകനായിരുന്ന കൊടുപ്പുന്ന ഗോവിന്ദഗണകൻ ജനിച്ചു വളർന്നത് ഇവിടെയാണ്. ഇത്തരത്തിൽ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിന്റെ തുടർച്ചയാണ് കൊടുപ്പുന്ന ഗവ. സ്കൂൾ.

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. മോചനമരുളുന്നതെന്താണോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകപരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയം അന്തരീക്ഷം ഒരുക്കൽ

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിതതിനേക്കാൾ മികവാർന്ന ശേഷിയും ധാരണയും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും, വരും തലമുറക്ക് കൈമാറേണ്ട ഭൂമിയിലെ താല്കാലിക നാഡികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

7. പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

8. വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും തന്മൂലം വിദ്യാലയത്തെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സമഗ്രവിദ്യാലയ വികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും, പി.ടി.എ., എസ്.എം.സി.സി, എസ്.എം.ഡി.സി., മദർ പി.റ്റി.എ., പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരെ വിളിച്ചുചേർത്ത് ഒരു ആലോചന യോഗം 5-11-2024 ൽ) പി.ടി.എ. പ്രസിഡൻ്റിൻ്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഇതിൻ്റെ തുടർപ്രവർത്തനം എന്ന നിലയിൽ എസ്.എം.സി., പി.ടി.എ., എസ്.ആർ.ജി. എന്നീ യോഗങ്ങളിൽ ഇതിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുകയും ക്രോഡീകരിക്കുകയും ചെയ്തു. പ്രസ്തുത ആശയങ്ങൾ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് സമഗ്രവിദ്യാലയ വികസന രൂപ്പെടുത്തിയത്.

## സ്കൂളിന്റെ നിലവിലെ അവസ്ഥ

1. പ്രീപ്രൈമറി മുതൽ പത്താംക്ലാസ് വരെ 8+109=143 കുട്ടികൾ പഠിക്കുന്നു.

2. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

3. കഴിഞ്ഞ 14 വർഷമായി തുടർച്ചയായി എസ്.എസ്.എൽ.സിക്ക് 100% വിജയം കൈവരിക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

4. കഴിഞ്ഞ അഞ്ച് വർഷമായി കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ മാറ്റങ്ങളൊന്നും ഇല്ല.

5. പഠനമാധ്യമം മലയാളമാണ്. എൽ.പി.യു.പി ക്ലാസ്സുകളിൽ സ്പെഷ്യൽ ഇംഗ്ലീഷ് ക്ലാസുകൾ നടക്കുന്നുണ്ട്.

6. പി.റ്റി.എ.എം.പി.റ്റി.എ. എസ്.എം.സി, എസ്.എം.ഡി.സി. ഇവ വിദ്യാലയ ത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു.

7. എൽ.പി-4, യു.പി-3, എച്ച്.എസ്-5 എന്നിങ്ങനെ അധ്യാപകർ ഈ വിദ്യാലയത്തിൽ ജോലി നോക്കുന്നു..

8. നിലവിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ്സ് മുറികളും, ഫർണിച്ചർ, ടോയ്‌ലറ്റുകളും ഉണ്ട്.

9. സാധാരണ കാലാവസ്ഥ (Normal climate) യിൽ സ്കൂളും പരിസ രവും വൃത്തിയാണ്.

10. ഉച്ചഭക്ഷണ പരിപാടി നല്ലരീതിയിൽ മുന്നോട്ട് പോകുന്നു.

11. പ്രീപ്രൈമറി കുട്ടികളെ ലക്ഷ്യമാക്കി ജില്ലാ പഞ്ചായത്തിൻ്റെ 10 ലക്ഷം രൂപയുടെ വർണ്ണകൂടാരം (പാർക്ക്) സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

12. ലൈബ്രറിക്ക് മുറിയില്ല.

13. ഐ.റ്റി പഠനത്തിനായി എൽ.പി.യു.പി.വിഭാഗത്തിന് പ്രത്യേകം പ്രത്യേകം ലാബുകളും ആവശ്യകതയുണ്ട്.

14. നിലവിൽ കളിസ്ഥലത്തിൻ്റെ വിസ്തൃതി തീരെ കുറവാണ്.

15. കുടിവെള്ളത്തിനായി കുഴൽക്കിണർ,കിണർ എന്നിവ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

16. പ്ലാസ്റ്റിക്, ലഹരി, കീടനാശിനി മുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുന്നതിൻ്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## അക്കാദമികം

### നേട്ടങ്ങൾ

തുടർച്ചയായി 14 വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 100%വിജയം നില നിർത്തുന്നു. വിവിധതരം മേളകൾ കലോത്സവം എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും വിജയം കൈവരിക്കുകയും ചെയ്യുന്നു. സ്കൂൾ വർഷാ രംഭത്തിൽ തന്നെ വിവിധ ചുമതലകൾ അധ്യാപകർക്ക് നൽകുന്നുണ്ട്. വിവിധ യിനം ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. എൽ.എസ്.എസ്., യു.എസ്.എസ് എൻ.എം..എം.എസ് തുടങ്ങിയ പരീക്ഷകളിൽ കുട്ടികൾ പങ്കെടുത്ത് വിജയം കൈവരിക്കുന്നുണ്ട്.

### പരിമിതികൾ

കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണസമയസേവനം ലഭ്യ മാകുന്നില്ല. സ്കൂൾ ലൈബ്രറി, ലാബോറട്ടറി തുടങ്ങിയവ ആധുനിക വൽക്കരിക്കണം. ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനങ്ങൾ പൂർണ്ണമായും ലഭിക്കുന്നില്ല. എല്ലാ കുട്ടി കൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതിഷിത നിലവാര ത്തിൽ നേടാൻ കഴിയുന്നില്ല. ഐ.റ്റി.സി പഠനം സാധ്യമാക്കുന്നതിനാവശ്യ മായ എൽ.പി.യു.പി കമ്പ്യൂട്ടർ ലാബുകളുടെ കുറവുണ്ട്. കലാകായിക മത്സ രങ്ങളിൽ എല്ലാ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുന്നതിന് ഇംഗ്ലീഷ് വിഷയം ഐശ്ചികമായി കൈകാര്യം ചെയ്യുന്ന അധ്യാപകരില്ല. നിലവിൽ ഹയർസെക്കട്ടറി വിഭാഗം ഇല്ല.

## ഭൗതിക സൗകര്യങ്ങൾ - നിലവിലെ അവസ്ഥയും പരിമിതികളും

ഗവ. ഹൈ സ്കൂൾ കൊടുപ്പുന്നയിലെ ഭൗതിക സൗകര്യങ്ങൾ പുരോഗമനപഥത്തിലായിരുന്നെങ്കിലും, ഇപ്പോഴും നിരവധി മേഖലകളിൽ അഭാവം അനുഭവപ്പെടുന്നു. നിലവിൽ **5 കെട്ടിടങ്ങളാണ് ഉള്ളത്**. അതിൽ ഒന്ന് ഉപയോഗ ശൂന്യ മായിരിക്കുന്നു. അതിനാൽ നിലവിൽ 2 ക്ലാസ്സ് മുറികളുടെ അപര്യാപ്തത ഉണ്ട്.

2022 മെയ് 30-നു **MPLADS പദ്ധതിയിലൂടെ ഒരുകോടി രൂപ ചിലവഴിച്ച് നിർമിച്ച 3 ക്ലാസ് മുറികളും 3 ടോയ്ലറ്റുകളും ഉൾക്കൊള്ളുന്ന പുതിയ കെട്ടിടം** സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് വലിയ ആശ്വാസമായി. ഈ കെട്ടിടത്തിലാണ് ഇപ്പോൾ **ഓഫീസ് മുറി, കംപ്യൂട്ടർ റൂം, എട്ടാം ക്ലാസ്** എന്നിവ പ്രവർത്തിക്കുന്നത്.

**പഴയ ഓഫീസ് കെട്ടിടത്തിൽ പ്രീപ്രൈമറി വിഭാഗം** ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. **SSK (സമഗ്ര ശിക്ഷാ കേരള) യിൽ നിന്ന് അനുവദിച്ച ₹10 ലക്ഷം രൂപയുടെ** പിന്തുണയോടൊപ്പം, പ്രീപ്രൈമറി കെട്ടിട വികസനത്തിനുള്ള **പ്രാഥമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി.**

**ശാസ്ത്രപോഷിണി ലാബ്** പ്രവർത്തനക്ഷമമായ നിലയിൽ തുടരുന്നു. എന്നാൽ, **ലൈബ്രറിയും സ്റ്റാഫ് റൂമും ഒരേ മുറിയിൽ** പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിശാലമായ ലൈബ്രറി എന്ന കാഴ്ചപ്പാടിൽ പോരായ്മയുണ്ടായിരിക്കുന്നു.

**പഴയ ഓഫീസ് കെട്ടിടത്തിന്മേൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച ₹20.5 ലക്ഷം ഉപയോഗിച്ച് പണിത ഹാൾ**, ഏതാനും കൂട്ടായ്മകൾക്കായി ഉപയോഗിച്ചുവരുന്നു. എങ്കിലും, സ്കൂളിന് **സ്ഥിരമായ ഒരു ഓഡിറ്റോറിയം ഇല്ല**, അതിനാൽ പരിപാടികൾ നടത്തുന്നതിൽ പ്രതിസന്ധികൾ നേരിടേണ്ടിവരുന്നു.

ചുറ്റുമതിൽ പൂർണ്ണമായ നിർമ്മിച്ചിട്ടില്ല. അതിനാൽ മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി തുടർന്നുനിൽക്കുന്നു. ചില ക്ലാസ് മുറികളിൽ മഴക്കാലത്ത് വെള്ളം കയറുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്.

സ്കൂളിന് വിശാലമായ കളിസ്ഥലം ലഭ്യമല്ല. ഫിസിക്കൽ ആക്ടിവിറ്റികൾക്കും അസംബ്ലികൾക്കും ആവശ്യമായ അസംബ്ലി ഹാൾ പോലുള്ള സൗകര്യങ്ങൾ ഇല്ലാതെയാണ് നിലവിലെ സ്ഥിതി.

ഭൗതികവികസന ശ്രമങ്ങളുടെ ഭാഗമായി, പുതിയ കഞ്ഞിപ്പുരയും ഡൈനിംഗ് ഹാളും ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ ആരോഗ്യവാനായ ഭക്ഷണക്രമത്തിനും ശുചിത്വത്തിനും സഹായകരമാകുന്നു.

## സാമൂഹികം

പി.റ്റി.എ. എസ്.എം.സി എസ്.എം.ഡി.സി പൂർവ്വവിദ്യാർത്ഥിസംഘടന എന്നിവയുടെ പ്രവർത്തനം കൂടുതലായി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി മുക്തവും ലഹരി വിമുക്തമായക്യാമ്പസ് രൂപപ്പെടുത്തുന്നതിൽ സാമൂഹിക പങ്കാളിത്തം ആവശ്യമാണ്. എല്ലാ മാസവും എസ്.എം.സി ക്ലാസ്സ് പി.ടിഎ എന്നിവ കൂടാറുണ്ട്. സ്കൂൾ അപ്ഗ്രേഡ് ചെയ്തു ഒരു ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തുന്നതിന് സാമൂഹിക പങ്കാളിത്തം ആവശ്യമാണ്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▪ ഭാഷാശേഷി വികസനം | ▪ ചുറ്റുമതിൽ | ▪ പി.ടി.എ. ശക്തിപ്പെടുത്തൽ |
| ▪ ഇംഗ്ലീഷ് പഠന പരിപോഷണം | ▪ ഗേറ്റ്, കവാടം, പടിപ്പുര | ▪ എസ്.എം.സി. |
| ▪ ഗണിതശേഷി വികസനം | ▪ ഗണിതശേഷി വികസനം | ▪ എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ |
| ▪ ശാസ്ത്രപോഷണ പരിപാടി | ▪ പുതിയ കെട്ടിടം (ഹയർ സെക്കണ്ടറി) | ▪ പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ |
| ▪ വായനാ പരിപോഷണം | ▪ വായനാമുറി | ▪ പൂർവ്വ അദ്ധ്യാപക സംഘടന ശക്തിപ്പെടുത്തൽ |
| ▪ ലൈബ്രറി ശാക്തീകരണം | ▪ ലൈബ്രറി | ▪ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ▪ ലാബോട്ടറി ആധുനികവത്ക്കരിക്കൽ | ▪ ~~അടുക്കള~~ | ▪ വിദ്യാലയ മികവുകൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടൽ |
| ▪ ജൈവ വൈവിധ്യപാർക്ക് | ▪ ~~ഡൈനിംഗ് ഹാൾ~~ | ▪ പൊതു സമൂഹത്തിന് കമ്പ്യൂട്ടർ പരിശീലനം |
| ▪ പഠന യാത്രകൾ | ▪ അസംബ്ലി ഹാൾ | ▪ ഭവന സന്ദർശനം |
| ▪ സെമിനാറുകൾ | ▪ ലാബോട്ടറി | ▪ വിദ്യാലയ വികസന സമിതി |
| ▪ കലാ–കായിക മേള | ▪ കുടിവെള്ള വിതരണം | |
| ▪ ഐ.ടി.പരിശീലനം | ▪ ടോയ്‌ലറ്റ് | |
| ▪ ശാസ്ത്രഭിരുചി വളർത്തൽ | ▪ ~~ചിൽഡ്രൻസ് പാർക്ക്~~ | |
| ▪ പച്ചക്കറിത്തോട്ടം | ▪ കളിസ്ഥലം | |
| ▪ ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | ▪ കൃഷിത്തോട്ടം | |
| ▪ ദിനാചരണം | ▪ ഭാഷോത്സവം | |
| ▪ കായികപഠനം | ▪ ഗണിതോത്സവം | |
| ▪ അഭിമുഖങ്ങൾ | ▪ കമ്പ്യൂട്ടർ റൂം | |
| ▪ മെഡിക്കൽ ക്യാമ്പ് | | |
| ▪ കൗൺസലിംഗ് | | |
| ▪ ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ | | |

# പദ്ധതി വിശദാംശങ്ങൾ - പ്രവർത്തനങ്ങൾ

## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം - 1<br>പേര് : മാതൃഭാഷാപഠനം<br>എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതിന് കഴിവ് നേടാൻ | പ്രി ടെസ്റ്റ് നടത്തുക, ചാർട്ടുകൾ പ്രദർശിപ്പിക്കുക, അസംബ്ലിയിൽ വാർത്താ വായന | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| പ്രവർത്തനം - 2<br>പേര് : രചനാശില്പശാല | | | | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | രചനാശില്പശാല സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ ക്ലാസ്സ് പുരയിടം പഠന സാമഗ്രിയായി ഉപയോഗിക്കൽ | മാസത്തിൽ 1 പ്രാവശ്യം | ക്ലാസ് ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി | 1000 സ്പോൺസർ ഷിപ്പ് |
| പ്രവർത്തനം - 3<br>പേര് : അഭിമുഖങ്ങൾ/ സെമിനാറുകൾ | | | | |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം | 1000 സ്പോൺസർ ഷിപ്പ് |
| പ്രവർത്തനം - 4<br>പേര് : ദിനാചരണങ്ങൾ<br>ഉപമേഖല : സമഗ്രവികസനം | | | | |
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാ- നുസരണം | എസ്.ആർ.ജി (SRG) | |
| പ്രവർത്തനം - 5<br>പേര് : ജൈവവൈവിധ്യപാർക്ക് | | | | |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക | ഒരു പ്രാവശ്യം | എസ്.ആർ. ജി. | 25000/- എസ്.എസ്. എ. |

## മേഖല – അക്കാദമികം

## ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 1<br>പേര് : ഇംഗ്ലീഷ് അസംബ്ലി<br>ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം<br>**ലക്ഷ്യം**<br>വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി നേടൽ | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം വെക്കുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ക്ലാസ് | – |
| പ്രവർത്തനം – 2<br>പേര് : ഇംഗ്ലീഷ് ഡയറി<br>**ലക്ഷ്യം**<br>തെറ്റില്ലാത് അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷിനേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | – |
| പ്രവർത്തനം – 3<br>പേര് : ഇംഗ്ലീഷ് കത്തെഴുത്ത്<br>ഇംഗ്ലീഷിൽ പ്രാവണ്യം നേടൽ | സ്കൂളിലെ 1 മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ സമാന ക്ലാസ്സിലെ കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | – |
| പ്രവർത്തനം – 4<br>പേര് : ഇംഗ്ലീഷ് ഫെസ്റ്റ്<br>**ലക്ഷ്യം**<br>വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പാരായണം എഴുതാൻ കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധികളിൽ 3 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുക | 3 ദിവസം അവധിക്കാലം | എച്ച്. എം പി.ടി.എ. പ്രസിഡന്റ് | 3000 പി.ടി.എ. |
| പ്രവർത്തനം – 5<br>പേര് : ഗ്രാമസ്കൂൾ<br>ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം<br>ലക്ഷ്യം<br>വ്യാകരണശുദ്ധിയോടെ ഭാഷാ ഉപയോഗിക്കാൻ കഴിവുനേടാൻ | അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസ് | ക്ലാസ് ടീച്ചർ | | 1000 പി.ടി.എ. |
| പ്രവർത്തനം – 6<br>പേര് : ഇംഗ്ലീഷ്<br>**ലക്ഷ്യം**<br>ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ ഇവയുടെ ശേഖരം ഒരുക്കുന്നു. | ഇംഗ്ലീഷ് ക്ലാസ് | | – |

# സമഗ്ര വിദ്യാലയ വികസന രേഖ

## വിഷയം – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രവർത്തനം : 1<br>പേര് : ഹിന്ദി അസംബ്ലി<br>എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കുവാനും എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അംസബ്ലിയുടടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകുക. | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ |
| പ്രവർത്തനം – 2<br>പേര് : ഹിന്ദിയിൽ കത്തെഴുത്ത് | | | |
| ഹിന്ദി രചനയിൽ പ്രാവിണ്യം നേടാൻ | സ്കൂളിലേയും, വീട്ടിലേയും വിശേഷങ്ങൾ കുട്ടികൾ കത്തിലൂടെ പങ്കു വയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ടീച്ചർ |
| പ്രവർത്തനം – 3<br>പേര് : മലയാളകൃതികൾ ഹിന്ദിയിലേക്ക് വിവർത്തനം | | | |
| ഭാഷയും വ്യാകരണവും കൂടുതൽ അറിയുവാൻ | ലളിതമായ മലയാള രചനകൾ ആശയം നഷ്ടപ്പെടാതെ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കുക | വർഷത്തിൽ ഒന്നു വീതം | ഹിന്ദി ടീച്ചർ |
| പ്രവർത്തനം – 4<br>പേര് : ഹിന്ദി ഡയറി ഹിന്ദി ഭാഷാപഠനം | | | |
| ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഹിന്ദിയിൽ എഴുതുക | ആഴ്ചയിൽ 3 ദിവസം | ഹിന്ദി ടീച്ചർ |
| പ്രവർത്തനം –5<br>പേര് : ഹിന്ദി ദിനാചരണങ്ങൾ സമഗ്ര വികസനം | | | |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഹിന്ദി ടീച്ചർ |
| പ്രവർത്തനം – 6<br>പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ | | | |
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം ഹിന്ദിബുള്ളറ്റിൻ പ്രസിദ്ധികരിക്കും | മാസത്തിൽ ഒന്നു വീതം | ഹിന്ദി ടീച്ചർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 1<br>പേര് : ഗണിത ലാബ് സജ്ജീകരണം<br>ഉപമേഖല : അക്കാദമിക/ഗണിതം<br>ലക്ഷ്യം<br>ഗണിത ലാബ് സജ്ജീകരിക്കൽ | ഗണിത ലാബിന് സ്കൂളിൽ ഒരു മുറി ക്രമീകരിക്കുക. ഗണിത ക്ലാസ് ഗണിത ലാബിൽ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കുക | ആവശ്യാനുസരണം | എസ്.ആർ.ജി.<br>ഗണിത ക്ലബ് | - |
| പ്രവർത്തനം – 2<br>പേര് :ഗണിത പഠനോപകരണ നിർമ്മാണം<br>മേഖല/ ഉപമേഖല: അക്കാദമികം/ഗണിതം<br>ലക്ഷ്യം<br>രസകരമായ ഗണിത പഠനവും നിർമ്മാണശേഷി വികസനവും | ചാർട്ടുപേപ്പർ, കാർഡ് ബോർഡ്, സൺപാക്ക്ഷീറ്റ് മുതലായവ ഉപയോഗിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കുക. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുക | ഓരോ ടേമിലും ഓരോ പ്രാവശ്യം | എസ്.ആർ.ജി.<br>ഗണിതാധ്യാപിക | -<br>- |
| പ്രവർത്തനം– 3<br>പേര് : ഗണിത ബുള്ളറ്റിൻ ബോർഡ്, ക്വിസ് കോർണർ<br>ലക്ഷ്യം<br>ഗണിത പഠനത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കൽ | എല്ലാ കുട്ടികൾക്കും വായിക്കാൻ കഴിയുന്ന സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക<br>ഗണിതവുമായി ബന്ധപ്പെട്ട പത്രവാർത്ത, പസ്സിലുകൾ ഗെയിമുകൾ മുതലായവ പ്രദർശിപ്പിക്കുക<br>ആഴ്ചയിൽ ഒരു ദിവസം 5 ഗണിതച്ചോദ്യങ്ങൾ ബുള്ളറ്റിൻ ബോർഡിൽ പ്രദശിപ്പിക്കുക.<br>ഇത്തരം നിക്ഷേപിക്കുന്നതിന് പെട്ടി വെക്കുക, നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുക | പ്രതിദിനം<br><br>ആഴ്ചയിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്<br><br>ഗണിത ക്ലബ് | |
| പ്രവർത്തനം – 4<br>പേര്: ഗണിതമേള<br>മേഖല/ഉപമേഖല : അക്കാദമികം/ഗണിതം<br>ലക്ഷ്യം<br>ഗണിത മേഖലയിലെ പങ്കാളിത്തം | സ്കൂൾതല മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം<br>സബ് ജില്ലാ മേളയിൽ പരമാവധി ഇനങ്ങളിൽ പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് | - |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 1<br>പേര് : ദിനാചരണങ്ങൾ<br>മേഖല : അക്കാദമികം<br>**ലക്ഷ്യം**<br>ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കുക | ദേശീയ, അന്താരാഷ്ട്ര ദിനങ്ങൾ പരിചയപ്പെടുക. അതുവായ് ബന്ധപ്പെട്ടവരെ അനുസ്മരിക്കുക. ചിത്രങ്ങൾ ശേഖരിച്ച് ചുവർചിത്രങ്ങൾ ഉണ്ടാക്കുക. സ്കൂൾ അസംബ്ലിയിൽ പ്രാധാന്യം വിശദമാക്കുക | പ്രതിദിനം വരുന്ന ദിവസങ്ങൾ ക്കനുസരിച്ച് | സോഷ്യൽ സയസ് ടീച്ചർ | – |
| പ്രവർത്തനം – 2<br>പേര് : ചരിത്രത്തെ അറിയുവാൻ<br>**ലക്ഷ്യം**<br>ചരിത്രബോധം വളർത്തിയെടുക്കുവാൻ | പഴയകാല വീട്ടുപകരണങ്ങൾ, കൃഷി ഉപകരണങ്ങൾ എന്നിവയുടെ ഒരു സ്കൂൾതല പ്രദശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയസ് ടീച്ചർ | – |
| പ്രവർത്തനം – 3<br>പേര് : പതിപ്പുതയ്യാറാക്കൽ<br>മേഖല : അക്കാദമികം<br>**ലക്ഷ്യം**<br>പാഠ്യഭാഗവുമായ് ബന്ധപ്പെട്ട കാര്യങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ | ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്ര തന്ത്രം, സോഷ്യോളജി, സാമ്പത്തിക ശാസ്ത്രം എന്നിങ്ങനെ യൂണിറ്റുകളിൽ നിന്ന് കുട്ടികളുടെ കണ്ടെത്തലുകൾ സ്വയം നിർമ്മിതികൾ എന്നിവയുടെ പതിപ്പുകൾ നിർമ്മിക്കുന്നു പ്രദർശിപ്പിക്കുന്നു. | മാസത്തിൽ ഒന്നു വീതം | സോഷ്യൽ സയസ് ടീച്ചർ | |
| പ്രവർത്തനം – 4<br>പേര്: ചുവർപത്രിക, കോളാഷ്<br>മേഖല : അക്കാദമികം<br>**ലക്ഷ്യം**<br>പഠനത്തിൽ പിന്നാക്കം നിൽകുന്ന കുട്ടികളെ കൂടി എല്ലാ പ്രവർത്തനത്തിലും ഉൾപ്പെടുത്തുക | പാഠഭാഗവും, കൂടാതെ സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ ഏറ്റെടുത്ത് ചിത്രങ്ങൾ വിവരങ്ങൾ ശേഖരിച്ച് എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി കൊളാഷ് നിർമ്മാണം, ചുവർ പത്രിക നിർമ്മാണം എന്നിവ നടത്തുന്നു | ആഴ്ചയിൽ ഒന്നു വീതം | സോഷ്യൽ സയസ് ടീച്ചർ | – |

## ശാസ്ത്രലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 1<br>പേര് : ശാസ്ത്രലാബ് നവീകരിക്കൽ<br>മേഖല : അക്കാദമികം/ശാസ്ത്രം<br>ലക്ഷ്യം<br>ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | ലാബിലെ വിവിധ ഉപകരണങ്ങളും രാസ വസ്തുക്കളും ഫിസി.കെമി. ബയോ. എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കുന്നു. കാറ്റലോട് തയ്യാറാക്കൽ ശാസ്ത്രവിഷയങ്ങൾ ലാബിൽ തന്നെ ക്ലാസ് എടുക്കുന്നു | ജൂൺമാസം | സയൻസ് ക്ലബ് | – |
| പ്രവർത്തനം – 2<br>പേര് : ശാസ്ത്രപോഷണ പരിപാടി<br>ലക്ഷ്യം<br>ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ശാസ്ത്രത്തിന്റെ അനിവാര്യം ശാസ്ത്ര ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ | പ്രതിമാസം പരിപാടി | സയൻസ് ക്ലബ് | 5000<br>എസ്.എസ്.ജി./<br>പി.റ്റി.എ |
| പ്രവർത്തനം– 3<br>പേര്: ശാസ്ത്ര യാത്രകൾ<br>ലക്ഷ്യം<br>ശാസ്ത്ര പഠനം, രസകരമായ | യൂണിറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങയവ നിരീക്ഷിക്കുന്ന പഠനയാത്രകൾ | വർഷം 2 പ്രാവശ്യം | | 1000<br>സ്പോൺ-സർ ഷിപ്പ്<br>പി.റ്റി.എ |
| പ്രവർത്തനം –4<br>പേര്: മേളകൾ<br>മേഖല/ഉപമേഖല : അക്കാദമികം, ശാസ്ത്രം<br>ലക്ഷ്യം<br>ശാസ്ത്രം പ്രവർത്തനമാണ്. എന്ന മനസിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിന്റെ 1 പ്രാവശ്യം | സയൻസ് ക്ലബ് | 10000<br>സ്കൂൾ ഗ്രാന്റ് |
| പ്രവർത്തനം –5<br>പേര്: സാമൂഹ്യശാസ്ത്ര ലാബ്<br>ലക്ഷ്യം<br>സാമൂഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യമായ 1 മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിന്റെ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | – |
| പ്രവർത്തനം –5<br>പേര്: പഠനയാത്രകൾ<br>ലക്ഷ്യം<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുകൾ ഗ്രഹിക്കുന്നത് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടക്കുന്ന പഠനയാത്ര | വർഷം 2 പ്രാവശ്യം | എസ്. ആർ.ജി. | 1000<br>സ്പോൺ-സർ ഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം - 6<br>പേര് : ഡിബേറ്റുകൾ<br><u>ലക്ഷ്യം</u><br>ആനുകാലിക വിഷയങ്ങളെ ക്കുറിച്ച് സംവാദം നടത്തി തീരുമാനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പ്രഭാഷണം ഇവ സംഘടിപ്പിക്കുക | 2 മാസത്തിൽ 1 വീതം | എസ്ആർജി | 5000<br>സ്പോൺസർ<br>എസ്ഡിസി |
| പ്രവർത്തനം - 7<br>പേര് : mole പാർലമെന്റ്<br><u>ലക്ഷ്യം</u><br>ജനാധിപത്യ മൂല്യങ്ങൾ വളർത്തി എടുക്കുക | സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇടവേളകളിൽ mole പാർലമെന്റ് സംഘടിപ്പിക്കുന്നു. | വർഷം 4 എണ്ണം | എസ്ആർജി<br>സ്കൂൾ പാർലമെന്റ് | |
| പ്രവർത്തനം - 8<br>പേര് : ബുള്ളറ്റിൻ ബോർഡ്<br><u>ലക്ഷ്യം</u><br>സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൽ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസങ്ങളും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യും | എല്ലാ ദിവസവും | എസ്.ആർ.ജി<br>ക്ലബ് | |
| പ്രവർത്തനം - 9<br>പേര് :<br><u>ലക്ഷ്യം</u><br>സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | ആധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് എസ്.എസ്. വായന കോർണർ ഒരുക്കുക | വർഷത്തിൽ 1 പ്രാവശ്യം | എസ്ആർജി<br>ക്ലബ് | - |

# ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 1<br>പേര് : ചുറ്റുമതിൽ<br>ലക്ഷ്യം<br>സുരക്ഷിതമായ സ്കൂൾ ക്യാമ്പസ് | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | 1 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>ജി.സി | 8 ലക്ഷം<br>രൂപ<br>ജില്ല<br>പഞ്ചായത്ത് |
| പ്രവർത്തനം – 2<br>പേര് : കവാടം, പടിപ്പുര<br>ലക്ഷ്യം<br>സ്കൂൾ ആകർഷകമാക്കൽ<br>സുരക്ഷിതത്വം | ആകർഷണീയവിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര ഇവ സജ്ജമാക്കുക | 1 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>ജി.സി | 5 ലക്ഷം<br>രൂപ<br>ജില്ല<br>പഞ്ചായത്ത് |
| പ്രവർത്തനം– 3<br>പേര് : ഡൈനിംഗ് ഹാൾ<br>ലക്ഷ്യം<br>ശുചിത്വം– ആരോഗ്യം | സൗകര്യമായ സ്ഥലത്ത് ആകർഷണീയമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കുക | 1 വർഷം | എസ്.എം.സി<br>എൽ.എസ്.<br>ജി.സി. ഉച്ച<br>ഭക്ഷണകമ്മറ്റി | 10 ലക്ഷം<br>രൂപ<br>ജില്ല<br>പഞ്ചായത്ത് |
| പ്രവർത്തനം –4<br>പേര്: പുതിയ ഇരുനിലകെട്ടിടം<br>ലക്ഷ്യം<br>ഭൗതിക സാഹചര്യം ഒരുക്കി ഒരക്കാദിമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | താഴത്തെ നിലയിൽ കമ്പ്യൂട്ടർ ലാബ് ശാസ്ത്ര ലാബ് പ്രത്യേകംപ്രത്യേകം ലാംഗേജ് ലാബും ഉൾപ്പെടു ത്തുക മുകളിലത്തെ നിലയിൽ ലൈബ്രറി, വായനമുറി, ഹാൾ | 2 വർഷം | എസ്.എം.സി,<br>എൽ.എസ്.<br>ജി.സി. | 40 ലക്ഷം<br>രൂപ<br>ജില്ല<br>പഞ്ചായത്ത് |
| പ്രവർത്തനം –5<br>പേര്: അസംബ്ലി ഹാൾ<br>ലക്ഷ്യം<br>അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | സൗകര്യപ്രദമായ രീതിയിൽ ഏതുകാലാവസ്ഥയിലും എല്ലാ കുട്ടികൾക്കും അസംബ്ലി കൂടുന്നതിന് | 2 വർഷം | എസ്.എം.സി,<br>എൽ.എസ്.<br>ജി.സി. | 10 ലക്ഷം<br>രൂപ<br>ജില്ല<br>പഞ്ചായത്ത് |
| പ്രവർത്തനം –6<br>പേര്: ഓപ്പൺ എയർസ്റ്റേജ്<br>ലക്ഷ്യം<br>അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ ഗൗണ്ടിൽ പണിയുക | 2 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>ജി.സി | എം.എൽ.എ<br>എം.പി.<br>ഫണ്ട്<br>10 ലക്ഷം<br>രൂപ |
| പ്രവർത്തനം –7<br>പേര്: മൈതാന നിർമ്മാണം<br>ലക്ഷ്യം<br>കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടു വാൻ കഴിയുന്ന വിധത്തിൽ സൗകര്യങ്ങളൊരുക്കിയുള്ള വിശാല മായ കളിസ്ഥലം നിർമ്മി ക്കൽ | 3 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>ജി.സി,<br>ആർ.എം.എസ്<br>എ. | 50 ലക്ഷം<br>രൂപ ജില്ല<br>പഞ്ചായത്ത്<br>ആർ.എം.<br>എസ്.എ |

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം - 1<br>പേര് : പൂർവ്വ വിദ്യാർത്ഥി സംഗമം<br>ലക്ഷ്യം<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാങ്കുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, വിദ്യാലയത്തിന്റെ ആവശ്യ ങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷം<br>2 പ്രാവശ്യം | എസ്. എസ്. ജി. | |
| പ്രവർത്തനം - 2<br>പേര് : പൂർവ്വാദ്ധ്യാപക സംഗമം<br>ലക്ഷ്യം<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | വർഷം<br>1 പ്രാവശ്യം | സ്റ്റാഫ് കൗൺസിൽ | 1000<br>സ്റ്റാഫ് ഫണ്ട് |
| പ്രവർത്തനം - 3<br>പേര് : അങ്കണവാടി കലോത്സവം<br>ലക്ഷ്യം<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയുവാൻ അവസരം | പരിസരത്തുള്ള അംഗവാടികളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ വിരുന്നു നൽകൽ | വർഷം<br>1 പ്രാവശ്യം | പി.ടി.എ. | 10000<br>സ്പോൺസർ ഷിപ്പ് |
| പ്രവർത്തനം - 4<br>പേര്: പ്രാദേശിക പി.ടി.എ.<br>ലക്ഷ്യം<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | യോഗങ്ങൾ വിദ്യാലയ ത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷി താക്കൾക്ക് സൗകര്യ പ്രദമായ സമയത്ത് പി.ടി. എ. യോഗങ്ങൾ ചേരൽ | വർഷം<br>1 പ്രാവശ്യം | എസ്. ആർ. ജി. | 2000<br>പി.ടി.എ |
| പ്രവർത്തനം - 5<br>പേര്: രക്ഷിതാക്കൾക്ക് വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവക്കൽ | വൈകുന്നേരങ്ങളിൽ അവധി ദിവസങ്ങളിൽ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം | മാസം 1 ദിവസം | എസ്. ഐ. റ്റി. സി. | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം – 8<br>പേര് : മാലിന്യം സംസ്കരണം<br>ലക്ഷ്യം<br>ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളു അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | 2 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>എ.. ഉച്ച ഭക്ഷണകമ്മറ്റി | 2 ലക്ഷം രൂപ ജില്ല പഞ്ചായത്ത് |
| പ്രവർത്തനം – 9<br>പേര് : ആഡിറ്റോറിയം<br>ലക്ഷ്യം<br>അക്കാദമിക പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ് | പൊതുവായ മീറ്റിംഗുകൾ സെമിനാറുകൾ ഇവ കൂടുന്നതിനും മേളകൾ, കലോത്സവം എന്നിവയുടെ സുഗമമായ നടത്തിപ്പിന് | 3 വർഷം | എസ്.എം.സി.<br>എൽ.എസ്.<br>ജി.ഡി | 30 ലക്ഷം രൂപ<br>ജില്ല പഞ്ചായത്ത് |
| പ്രവർത്തനം– 10<br>പേര് : പുതിയ കെട്ടിടം<br>ലക്ഷ്യം<br>അടിസ്ഥാന സൗകര്യവികസനം | ഭാവിയിൽ ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കുമ്പോൾ പ്രത്യേക ഹയർ സെക്കണ്ടറി കെട്ടിടം | 5 വർഷം | പി.റ്റി.എം.<br>എൽ.എസ്.ജി.<br>ഡി. | 60 ലക്ഷം രൂപ ജില്ല പഞ്ചായത്ത്<br>എം.പി.ഫണ്ട് |
| പ്രവർത്തനം –11<br>പേര് : പ്രി പ്രൈമറി– പ്രൈമറി<br>ലക്ഷ്യം<br>ക്ലാസ് മുറികൾ ആകർഷകമാക്കൽ, കിഡ്സ് പാർക്ക് | പ്രി–പ്രൈമറി, പ്രൈമറി പ്രത്യേക കെട്ടിടം ആധുനിക രീതിയിലുള്ളത് | 5 വർഷം | പി.റ്റി.എ.<br>എൽ.എസ്.<br>ജി.ഡി. | 40 ലക്ഷം<br>രൂപ<br>എസ്.എസ്.എ |
| പ്രവർത്തനം –12<br>പേര് : സൗരോർജ്ജ പാനൽ<br>ലക്ഷ്യം<br>പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.റ്റി.എ. | 10 ലക്ഷം<br>രൂപ<br>[illegible] ഫണ്ട്. |
| പ്രവർത്തനം –13<br>പേര് : കുടിവെള്ള വിതരണം<br>ലക്ഷ്യം<br>ശുദ്ധജലം യഥേഷ്ടാ ലഭ്യമാക്കൽ | എല്ലാ ടാങ്കിലും ശുദ്ധജലം എത്തുന്നതിനുള്ള ക്രമീകരണം പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2 വർഷം | പി.റ്റി.എ. | 20 ലക്ഷം<br>രൂപ |
| | | | | |

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്രഗുണമേന്മാപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025**

**ക്ലാസ് ഒന്ന്**

സ്കൂൾ: Govt High School Kodupunna
..............................
Thalavadi ....................ഉപജില്ല

ക്ലാസ് അധ്യാപിക: Srulekshmi . M
ഫോൺനമ്പർ: 9895941534

**ആമുഖം**

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രിതന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷികപരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

**അവസ്ഥാവിശകലനം**

*കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ*

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ( A.ഡിവിഷനിൽ) ...6...കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ....6...പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ ......NIL...... ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി ...NIL......കുട്ടികളുണ്ട്. ഗോത്രവിഭാഗത്തിൽപ്പെട്ടവർ.......NIL...

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസായ.............0.... കുട്ടികളും ആറ് വയസ്സായ ........6........കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

*മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ*

ഒഴുക്കോടെ വായിക്കാൻ സാധിക്കുന്നു.
ചിഹ്നങ്ങൾ ചേർത്ത് എഴുതാൻ കഴിയുന്നു.

*നേരിട്ട പ്രശ്നങ്ങൾ*

ഗണിതക്രിയകൾ ചെയ്യാൻ താമസം

**വാർഷിക ലക്ഷ്യങ്ങൾ ( മലയാളം)**

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക
2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക
3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക
5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക
6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക
8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

**ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ**

1. പൂർണപങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക
4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന ( വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക
7. ഓരോ കുട്ടിയെയും പ്രധാനപഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യു ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക
10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1. പൂർണ്ണപങ്കാളിത്ത ക്ലാസ് പി ടി എ
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം ( സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ
5. ………………..
6. സംയുക്ത വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.

BioVision

## English – Std IV

**ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

**ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |

**ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling, | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

**ഇംഗ്ലീഷ് മാഗസിൻ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | [illegible] |

# 1 ആമുഖം

ഗവണ്മെന്റ് ഹൈ സ്കൂൾ കൊടുപ്പുന്നയിലെ 2025 - 26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ്: എ) ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2 പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സംയുക്ത ഡയറി-ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ -മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ -മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

<u>സാമ്പത്തികം</u> PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

-ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. – ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം)

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – BRC ( RS : 1000 )

## 10 - രചനോത്സവം

- **ലക്ഷ്യപ്രസ്താവനകൾ**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- __ പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

**ചുമതല** : ക്ലാസ്സ്ടീച്ചർ , CPTA

**സാമ്പത്തികം** : CPTA , BRC ( RS : 2000)

# academic master plan 2025-26 for up hindi

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

Downloaded from: https://textbooks.net.blogspot.com

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും 3ഡി ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| സാഹിത്യ കൃതികളോടും ാഹിത്യകാരോടുമുള്ള ാനുകൂല മനോഭാവം ളർത്തുക വഴി പഠി ാക്കളുടെ സർഗ്ഗശേഷി ളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| മലയാളം കമ്പ്യൂട്ടറിംഗ് ിജ്ഞാനം നേടി എടു ാലും സർഗ്ഗാത്മകശേഷി ളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

## academic master plan 2025-26 for h s hindi

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. ശാസ്ത്രലാബ് നവീകരണം<br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

# ഗവ. ഹൈസ്കൂൾ കൊട്ടപ്പന

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## ഗണിതം - ഹൈസ്കൂൾ വിഭാഗം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | മുന്നറിവുകൾ പരിശോധിക്കുന്നു.<br>പ്രീ ടെസ്റ്റുകൾ, ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ |
| 2 | അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ, ആവർത്തന ചോദ്യങ്ങൾ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ |
| 3 | നിർമ്മിതിയിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗണിതപ്പെട്ടിയുടെ ശരിയായ ഉപയോഗം, ഗണിതപ്പെട്ടി ഉപയോഗിച്ചുള്ള മുന്നറിവുകളുടെ പരിശീലനം | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ |
| 4 | വിവിധ അളവുകൾ, ഗണിതരൂപങ്ങൾ തുടങ്ങിയവ പരിചയപ്പെടുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ അളവുകൾ പരിചയപ്പെടുന്നു.പ്രായോഗികമായി അളക്കുക, ഒരേ അളവുകൾ തമ്മിൽ താരതമ്യം ചെയ്യുക: (1 മീറ്റർ = 100 സെന്റിമീറ്റർ, 1 കിലോഗ്രാം = 1000 ഗ്രാം എന്നീ മാറ്റങ്ങളെ മനസിലാക്കുക.)<br>ഗണിതരൂപങ്ങൾ തിരിച്ചറിയുന്നു, അവ നിർമ്മിക്കാൻ പരിശീലിക്കുന്നു.<br>(ശരീര രൂപങ്ങൾ കാണിക്കുക: വര, വൃത്തം, ചതുരം, | അക്കാദമിക വർഷം | ഗണിത അധ്യാപകർ, |

| | | | | |
|---|---|---|---|---|
| | | സമചതുരഭുജം, ത്രികോണം തുടങ്ങിയ രൂപങ്ങൾ ചിത്രം വരച്ച് പഠിക്കുക. 3D മോഡലുകൾ ഉപയോഗിക്കുക) | | |
| 5 | കുട്ടി സ്വാംശീകരിക്കേണ്ട ആശയങ്ങൾ കുട്ടിക്ക് യോജ്യമായ രീതിയിൽ കൈമാറൽ | ക്ലാസ് റൂം പ്രവർത്തനങ്ങൾ,<br>പ്രായോഗിക പരിചയം, ചിത്രങ്ങളുടെയും വരപ്പുകളുടെയും സഹായം, ഗെയിംസ് & ആക്റ്റിവിറ്റികൾ, കഥകൾ, ക്വിസ് & ഗാനങ്ങൾ, ചോദ്യങ്ങളും പ്രതികരണങ്ങളും<br>പാഠാസൂത്രണം, വിലയിരുത്തൽ,<br>എസ്.ആർ.ജി | അക്കാദമിക വർഷം | ഗണിത അധ്യാപകർ |
| 6 | ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് അവയുടെ പ്രാധാന്യം തിരിച്ചറിയുന്നു.<br>"ഗണിതം – പാഠപുസ്തകത്തിൽ മാത്രം അല്ല; ചുറ്റുള്ള ലോകത്തെ മനസ്സിലാക്കാനുള്ള ഭാഷയാണ്."<br>(കുട്ടികൾക്ക് മനസ്സിലാകണം ഗണിതം ജീവിതത്തിന്റെ ഭാഗമാണ്, കൂടാതെ തികച്ചും ഉപയോഗപ്രദവുമാണ് – ഇത് അറിയുമ്പോൾ അവർക്ക് പഠിക്കേണ്ടതിന്റെ ഉദ്ദേശ്യവും പ്രാധാന്യവും വ്യക്തമാകും.) | ക്ലാസ് റൂം പ്രവർത്തനങ്ങൾ, ദൈനംദിന സാഹചര്യങ്ങൾ വഴി പഠിപ്പിക്കുക, പരിസരത്തിലെ വസ്തുക്കളെ ഉപയോഗിക്കുക, ചിന്തിപ്പിക്കുന്ന ചോദ്യങ്ങൾ നൽകുക, സംഘപഠനം, ഫീൽഡ് ട്രിപ്പ്...... | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ, വിദഗ്ധർ, കുട്ടികൾ |
| 7 | ഗണിതാശയങ്ങൾ വ്യത്യസ്ത രീതികളിൽ | ഗണിതാശയങ്ങൾ വിവിധ രീതികളിൽ ഉൾക്കൊള്ളാനും വിശദീകരിക്കാനും പരിശീലനം, ഗണിത പഠനം രസകരമാക്കുന്ന അധിക | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ, വിദഗ്ധർ, കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | പ്രവർത്തനങ്ങൾ, പ്രായോഗിക മോഡലുകൾ ഉപയോഗിച്ച് ഗണിത തത്വങ്ങൾ പ്രദർശിപ്പിക്കുക, ചാർട്ടുകൾ ഉപയോഗിച്ച് ഗണിത ആശയങ്ങൾ ലളിതമായി ചിത്രീകരിക്കുക, സ്മാർട്ട് ക്ലാസ്സിൽ Geogebra ഉപയോഗിച്ച് ആശയങ്ങൾ വിശദീകരിക്കുക, Math Quiz Zone ഒരുക്കി, കുട്ടികൾക്കിടയിൽ മത്സരാത്മകമായി ഗണിതാശയങ്ങൾ ചോദിക്കാം....... | | |
| 8 | ഗണിതം – കളിയും അറിവും കൂടിയായ ഒരു വിജ്ഞാനയാത്ര!<br>മികവോടെ<br>ഗണിതമേളയിലേക്ക് | ഗണിതാശങ്ങളുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിൽനിന്ന് സ്വാംശീകരിക്കുന്ന ആശയങ്ങളെ വിപുലീകരിച്ച് ഗണിത മേളയുള്ള ഉൽപ്പന്നങ്ങൾ രൂപീകരിക്കുന്നു, ഗണിതരൂപങ്ങളുടെ നിർമ്മിതിയിൽ കൂടുതൽ പരിശീലനം നേടുന്നു.<br>• ഗണിത ഗെയിംസ് (Math Games)<br>• ക്വിസുകൾ, പസിലുകൾ ........<br>വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകൾ കണ്ടെത്തി, കുട്ടികൾക്കായി ഗണിതപസിലുകളും ലളിത ഗണിതഗെയിമുകളും നിർമിക്കാനുള്ള ചുമതല നൽകുക. ഇതിലൂടെ അവർക്ക് രസകരമായ രീതിയിൽ ഗണിതം പഠിക്കാനും മറ്റ് കുട്ടികളെ പഠിപ്പിക്കാനും കഴിയും. | അക്കാദമിക വർഷം | ഗണിത അധ്യാപകർ,<br>വിദഗ്ധർ,<br>കുട്ടികൾ |
| 9 | രക്ഷിതാക്കളുടെ പങ്കാളിത്തം | കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ നിരന്തരം ബോധ്യപ്പെടുത്തുന്നു, ക്ലാസ് പി.ടി.എ കളിലൂടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ | അക്കാദമിക വർഷം | എച്ച്.എം,<br>ഗണിത അധ്യാപകർ,<br>എസ്.ആർ.ജി,<br>പി.ടി.എ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# ഉപസംഹാരം

അടുത്ത അഞ്ചു വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇത് അന്തിമരേഖയല്ല. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവഷ്കരിച്ചു നടപ്പാക്കുകയും വേണ്ടിവരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃതമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും-സൂക്ഷമതയും സുതാര്യതയും ഉറപ്പാക്കണം. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈദവവും കണ്ടെത്തണം. 5 വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാതലത്തിലും ലോക നിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപിലാക്കുന്നത്. സമഗ്ര വിദ്യാലയ വികസന രേഖയുടെ ആസൂത്രണവും സംഘാടനവും ഈ ലക്ഷ്യത്തിലെത്തുവാൻ വഴിതെളിക്കട്ടെ എന്നു പ്രത്യാശിക്കുന്നു.